GOVERNMENT OF KERALA
**Labour and Skills (E) Department**
NOTIFICATION

No.E1/181/2018-LBRD Dated, Thiruvananthapuram, 21st October, 2018
4th Thulam, 1194

The following proposal for the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of subsection (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 5 thereof and in supersession of the notifications issued under G.O.(Ms) No.87/2010/LBR dated 4th August, 2010 and published as S.R.O. No.766/2010 in the Kerala Gazette Extraordinary No. 1786 dated 4th August, 2010 and G.O.(Ms) No.81/2011/LBR dated 1st July, 2011 and published as S.R.O. No.411/2011 in the Kerala Gazette Extraordinary No. 1297 dated 5th July, 2011, payable to the employees employed in stone crushing, quarrying construction and maintenance of roads and buildings, River sand collection and its loading and unloading sectors in the State of Kerala, as specified in the Schedule annexed hereto, are hereby published for the information of all persons likely to be affected thereby, as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the proposal will be taken up for consideration on or after two months from the date of publication of this notification in the Official Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the date specified above will be considered by the Government. All such objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

# SCHEDULE

## 1. Building Construction Works (Time Rate)

I. Highly Skilled

| Sl No. | Work | Basic Wages (8 hours work) (Rs.) |
|---|---|---|
| 1. | Building Crane Operator | ₹ 940 |
| 2. | J.C.B /Proclain Operator | |
| 3. | Pile Driving | |

II. Skilled

| Sl No. | Work | Basic Wages ( 8 hours work) (Rs.) |
|---|---|---|
| 1. | Concrete Mixing Operator | ₹ 890 |
| 2. | Concrete Conveyer Operator | |
| 3. | Lift Operator | |
| 4. | Metal Roof welder | |
| 5. | Granite Mason | |
| 6. | Concrete Mason | |
| 7. | Tile / Marble/ Granite Mason | |
| 8. | Concrete associated Skilled Workers ( Bar Cutting Bar Bending, Board/Sheet fixing, Paving of bar, Tying of bar) | |
| 9. | Skilled Workers cutting Laterite Blocks | |

III. Semi Skilled

| Sl No. | Work | Basic Wages ( 8 hours work) (Rs.) |
|---|---|---|
| 1 | Brick Mason | ₹ 820 |
| 2 | Laterite Mason | |
| 3 | Aluminium Fabricator | |
| 4 | Carpenter | |
| 5 | Electrician | |
| 6 | Plumber | |
| 7 | Painter | |

IV. Un Skilled

| Sl no | Work | Basic Wages (For 8 hours work) (Rs.) |
| --- | --- | --- |
| 1 | Concrete Work (Metal Shovelling, Loading Sand and Cement, Concretrete Mixture Preparation, loading Concrete Mixture, Concreting, (Bund for stopping water) | ₹ 770 |
| 2 (A) | JCB Operator | ₹ 730 |
| (B) | Boatman | |
| (C) | Helper | |

## 2. Construction of Roads (Time Rate)

### I. Highly Skilled

| Sl No | Work | Basic Wages (8 hours work) ( Rs.) |
| --- | --- | --- |
| 1. | Proclain / JCB Operator | ₹ 940 |
| 2. | Road Roller Driver | |
| 3. | Heater Operator | |

II. Skilled

| Sl No | Work | Basic Wages ( 8 hours work) (Rs.) |
| --- | --- | --- |
| 1. | Heaterman | ₹ 890 |
| 2. | Tar Sprayman | |

III. Semi Skilled

| Sl No | Work | Basic Wages (For 8 hours work) (Rs.) |
| --- | --- | --- |
| 1. | Shovelling Granite Metal | ₹ 820 |
| 2. | Paving Granite Metal / Spreading Metal | |
| 3. | Supplying Tar for Spraying | |
| 4. | Supplying Tar to Plant | |
| 5. | Supplying Metal to Plant | |
| 6. | Unloading Mixture from Vehicle | |

IV. Un Skilled

| Sl No | Work | Basic Wages (For 8 hours work) (Rs.) |
|---|---|---|
| 1. (A) | Holding Racks | ₹ 770 |
| (B) | Holding Roller Wheel | |
| 2 | Other Unskilled Works | ₹ 730 |

## 3. Stone Breaking, Stone Crushing Working

I. Time Rate

| Sl No | Work | Basic Wages (8 hours work) ( Rs.) |
|---|---|---|
| 1. | Crusher Operator | ₹ 940 |
| 2. | Jack Hammer Operator | ₹ 890 |
| 3. | Labourers helping the loading and unloading works related to stone breaking and stone crushing to Lorry, Boat or other vehicles, from vehicle or otherwise. | ₹ 770 |

II. Piece Rate

| Sl No. | Work | | Basic Wages | Workload per day |
|---|---|---|---|---|
| 1 | Stone crushing with explosives, Rock Drilling | per 30.5cm long holes | Rs.145/- | 6 holes |
| 2 | Breaking Rock with Hammer | Per 28.3 Cubic Deci metre rock piece | Rs.415/- | 2.25 number specific pieces |
| 3 | Breaking Hard Stone with heavy Hammer | Per 28.3 Cubic Deci metre rock piece | Rs.447 /- | 2.25 number specific pieces |

4 Crushing Rock to metal

| No | Milli metre size | For each 28.34 Cubic Deci metre (Rs) | Workload per day (Amount) |
|---|---|---|---|
| (1) | (2) | ₹ (3) | (4) |
| (i) | 12.07 | ₹ 121 | 6.5 |
| (ii) | 19.05 | ₹ 90 | 8.5 |
| (iii) | 38.1 | ₹ 50 | 15.5 |
| (iv) | 50.8 | ₹ 45 | 17.5 |
| (v) | 63.5 | ₹ 28 | 28 |
| (vi) | 72.2 mm to 152.4 mm | ₹ 10 | 79.5 |

Note :- The employer should supply rock pieces to be crushed to metal at the workplace.

**4. River Sand Collection ( Piece rate)**

| No | Work/Class | Basic Wages | Workload |
|---|---|---|---|
| 1 | River Sand Collection | ₹ 1080 | 5 Ton |
| 2 | Loading and unloading of Sand | | |
| (A) | Loading to Vehicles | ₹ 1010 | 5 Ton |
| (B) | Unloading from Vehicles/ boats/ small boats and carrying up to 50m. | ₹ 1010 | 5 Ton |
| (C) | Unloading directly from Vehicle/ Boats/ small Boats | ₹ 1010 | 10 Ton |

5. Dearness Allowance

In addition to the basic rates of wages, the monthly waged employees and the daily wages employees shall be paid Dearness Allowance @ Rs.26/-(Rupees Twenty six only) and @ Rs.1/-(Rupee One only) respectively for every increase of one point above 300 points in the New Series ie.1998-99=100 of the Consumer Price Index published by the Department of Economics and Statistics for concerned District headquarters.

The piece rated labourers employees who complete the daily workload stated in the schedule will be eligible for full Dearness Allowance. Those

employees who had not completed the workload will be eligible for Dearness Allowance in proportion to the completed work. For 6 days work in a week, maximum 6 DA shall be given in accordance with the workload. If the employer could not provide sufficient work for a complete day, the employees should be given full Dearness Allowance without considering the workload.

6. Monthly Wages :-

The monthly wages in respect of employees whose daily wages are fixed, shall be calculated by multiplying the consolidated amount of basic wage and Dearness Allowance with 26.

7. Additional wages for Hill tracts :-

Special Hill tract allowances at the rate of 15% of the total daily wages shall be given to all categories of employees working in those areas which are specified as Hill tract in the Kerala Service Rules applicable to the Government Employees.

8. Protection for Higher Wages

In case the employee are at present getting higher basic wages and Dearness Allowance than the basic wages and Dearness Allowances in this sector, he shall further be entitled to get such higher rate.

If any work in this sector does not come under the schedule, such works shall be eligible for basic wages prescribed for equivalent works.

By order of the Governor,
DR. ASHA THOMAS
***Additional Chief Secretary to Government.***

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.**

വിജ്ഞാപനം

നം.ഇ 1/181 //2018-തൊഴിൽ

തിരുവനന്തപുരം, 2018 ഒക്ടോബർ 21
1194 തുലാം 4

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും കൂട്ടി വായിച്ച പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2010 ആഗസ്റ്റ് 4-ാം തീയതിയിലെ സ.ഉ.(കൈയ്യെഴുത്ത്) 87/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 ആഗസ്റ്റ് 4-ാം തീയതിയിലെ 1786-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 766/2010 നമ്പരായും 2011 ജൂലൈ 1-ാം തീയതിയിലെ സ.ഉ. (കൈയ്യെഴുത്ത്) 81/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ജൂലൈ 5-ാം തീയതിയിലെ 1297-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 411/2011 നമ്പരായും പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനങ്ങളെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, കേരള സംസ്ഥാനത്തെ പാറ ഉടയ്ക്കൽ, പാറ പൊട്ടിക്കൽ, റോഡ് നിർമ്മാണവും കെട്ടിടനിർമാണവും അറ്റകുറ്റപ്പണികളും, നദികളിൽ നിന്നും മണൽ വാരലും അതിന്റെ കയറ്റിറക്കും മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ താഴെ പട്ടികയിൽ പറയുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്നതുപ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ടു മാസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്നും ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ എന്തെങ്കിലും ഉണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അപ്രകാരമുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

## പട്ടിക

### 1. കെട്ടിട നിർമ്മാണ പ്രവൃത്തികൾ (ടൈം റേറ്റ്)

I. ഹൈലി സ്കിൽഡ്

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| 1. | ബിൽഡിംഗ് ക്രെയിൻ ഓപ്പറേറ്റർ | ₹ 940 |
| 2. | ജെ.സി.ബി./പ്രൊക്ലെയിൻ ഓപ്പറേറ്റർ | |
| 3. | പൈൽ ഡ്രൈവിംഗ് | |

II. സ്കിൽഡ്

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| 1. | കോൺക്രീറ്റ് മിക്സിംഗ് ഓപ്പറേറ്റർ | ₹ 890 |
| 2. | കോൺക്രീറ്റ് കൺവെയർ ഓപ്പറേറ്റർ | |
| 3. | ലിഫ്റ്റ് ഓപ്പറേറ്റർ | |
| 4. | മെറ്റൽ റൂഫ് വെൽഡർ | |
| 5. | കരിങ്കല്ല് മേസ്തിരി | |
| 6. | കോൺക്രീറ്റ് മേസ്തിരി | |
| 7. | ടൈൽ/മാർബിൾ/ഗ്രാനൈറ്റ് മേസ്തിരി | |
| 8. | കോൺക്രീറ്റ് അനുബന്ധ വിദഗ്ധ ജോലിക്കാർ (കമ്പി മുറിക്കൽ, കമ്പി വളയ്ക്കൽ, പലക/ഷീറ്റ് തറയ്ക്കൽ കമ്പി വിരിക്കൽ/കമ്പി കെട്ടൽ | |
| 9. | ചെങ്കൽ വെട്ടുന്ന വിദഗ്ധ ജോലിക്കാർ | |

III. സെമി സ്കിൽഡ്

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| 1 | ഇഷ്ടിക മേസ്തിരി | ₹ 820 |
| 2 | ചെങ്കല്ല് മേസ്തിരി | |
| 3 | അലുമിനിയം ഫേബ്രിക്കേറ്റർ | |
| 4 | മര ആശാരി | |
| 5 | ഇലക്ട്രീഷ്യൻ | |
| 6 | പ്ലംബർ | |
| 7 | പെയിന്റർ | |

II. അൺ സ്കിൽഡ്

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| 1 | കോൺക്രീറ്റ് ജോലി (മെറ്റൽ കോരൽ, മണൽ, സിമന്റ് എന്നിവയുടെ ചുമട്ടുജോലി, കോൺക്രീറ്റ് മിശ്രിതം തയ്യാറാക്കൽ, കോൺക്രീറ്റ് മിശ്രിതം ചുമക്കൽ, കോൺക്രീറ്റ് ചെയ്യൽ, വെള്ളം നിർത്താൻ ബണ്ടുവയ്ക്കൽ) | ₹ 770 |
| 2. (എ) | ജെ.സി.ബി ഹെൽപ്പർ | ₹ 730 |
| (ബി) | കടത്തുകാരൻ | |
| (സി) | ഹെൽപ്പർ | |

## 2. റോഡ് നിർമ്മാണം (ടൈം റേറ്റ്)

### I. ഹൈലി സ്കിൽഡ്

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| 1. | പ്രൊക്ലെയിൻ/ജെ.സി.ബി ഓപ്പറേറ്റർ | ₹ 940 |
| 2. | റോഡ് റോളർ ഡ്രൈവർ | |
| 3. | ഹീറ്റർ ഓപ്പറേറ്റർ | |

II. സ്കിൽഡ്

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| 1. | ഹീറ്റർമാൻ | ₹ 890 |
| 2. | ടാർ സ്പ്രേമാൻ | |

III. സെമി സ്കിൽഡ്

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| 1. | കരിങ്കൽ മെറ്റൽ കോരുന്ന ജോലി | ₹ 820 |
| 2. | കരിങ്കൽ മെറ്റൽ വിരി/മെറ്റൽ നിരത്തുന്ന ജോലി | |
| 3. | സ്പ്രേ ചെയ്യാൻ ടാർ കൊടുക്കുന്ന ജോലി | |
| 4. | പ്ലാന്റിലേക്ക് ടാർ കൊട്ടുക്കൽ | |
| 5. | പ്ലാന്റിലേക്ക് മെറ്റൽ കൊട്ടുക്കൽ | |
| 6. | വണ്ടിയിൽ നിന്നും മിശ്രിതം ഇറക്കൽ | |

IV. അൺസ്കിൽഡ്

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| 1. | (എ) റാക്ക് പിടിക്കൽ<br>(ബി) റോളർ വീൽ പിടിക്കൽ | ₹ 770 |
| 2 | മറ്റ് അവിദഗ്ധ ജോലികൾ | ₹ 730 |

## 3. പാറ പൊട്ടിക്കൽ, കിരങ്കല്ലടയ്ക്കൽ ജോലികൾ

I. ടൈം റേറ്റ്

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| 1. | ക്രഷർ ഓപ്പറേറ്റർ | ₹ 940 |
| 2. | ജാക്ക് ഹാമർ ഓപ്പറേറ്റർ | ₹ 890 |
| 3. | പാറ പൊട്ടിക്കൽ, കരിങ്കല്ലടയ്ക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ലോറിയിലേക്കോ ബോട്ടിലേക്കോ മറ്റ് വാഹനങ്ങളിലേക്കോ വാഹനങ്ങളിൽ നിന്നോ അല്ലാതെയോ ഉള്ള കയറ്റിറക്ക്, കയറ്റിറക്ക് സഹായ ജോലികൾ ചെയ്യുന്ന തൊഴിലാളികൾ | ₹ 770 |

II. പീസ് റേറ്റ്

| ക്രമ നമ്പർ | ജോലി | | അടിസ്ഥാന വേതനം | ഒരു ദിവസത്തെ അദ്ധ്വാന ഭാരം |
|---|---|---|---|---|
| (1) | പാറ വെടിവച്ച് പൊട്ടിക്കുന്നതിനും പാറ തുളയ്ക്കുന്നതിനും | ഓരോ 30.5. സെ.മി നീളമുള്ള ദ്വാരത്തിനും | ₹ 145 | 6 ദ്വാരങ്ങൾ |
| (2) | പാറ ചുറ്റിക ഉപയോഗിച്ച് പൊട്ടിക്കുന്നതിന് | ഓരോ 28.3 ക്യൂബിക് ഡെസി മീറ്റർ പാറ കഷണത്തിനും | ₹ 415 | 2.25 എണ്ണം നിർദ്ദിഷ്ട കഷണങ്ങൾ |
| (3) | കട്ടപ്പമുള്ള പാറ വലിയ, ഘനമുള്ള ചുറ്റിക ഉപയോഗിച്ച് പൊട്ടിക്കുന്നതിന് | ഓരോ 28.3. ക്യൂബിക് ഡെസി മീറ്റർ പാറ കഷണത്തിനും | ₹ 447 | 2.25 എണ്ണം നിർദ്ദിഷ്ട കഷണങ്ങൾ |

(4) പാറ മെറ്റലായി ഉടയ്ക്കുന്നതിന്

| നമ്പർ | മില്ലി മീറ്റർ സൈസിന് | ഓരോ 28.34 ക്യൂബിക് ഡെസി. മീ.അളവിനും (രൂപ) | ഒരു ദിവസത്തെ അദ്ധ്വാന ഭാരം (അളവ്) |
|---|---|---|---|
| (1) | (2) | (3) | (4) |
| (i) | 12.07 | ₹ 121 | 6.5 |
| (ii) | 19.05 | ₹ 90 | 8.5 |
| (iii) | 38.1 | ₹ 50 | 15.5 |
| (iv) | 50.8 | ₹ 45 | 17.5 |
| (v) | 63.5 | ₹ 28 | 28 |
| (vi) | 72.2 മി.മീ മുതൽ 152.4 മി.മീ. വരെ | ₹ 10 | 79.5 |

കുറിപ്പ് :- മെറ്റലായി ഉയടക്കുന്നതിനുള്ള പാറക്കഷണങ്ങൾ ജോലി സ്ഥലത്ത് തൊഴിലുടമ നൽകേണ്ടത്.

**4. പുഴ മണൽ ശേഖരിക്കുന്നതിന് (പീസ് റേറ്റ്)**

| നമ്പർ | ജോലി/വിഭാഗം | അടിസ്ഥാന വേതനം | ജോലി ഭാരം |
|---|---|---|---|
| 1 | പുഴ മണൽ ശേഖരണം | ₹ 1080 | 5 ടൺ |
| 2 | മണൽ കയറ്റുകയും ഇറക്കുകയും | | |
| | (എ) വാഹനത്തിൽ കയറ്റുന്നതിന് | ₹ 1010 | 5 ടൺ |
| | (ബി) വാഹനത്തിൽ നിന്നും/ വഞ്ചിയിൽ നിന്നും /തോണിയിൽ നിന്നും ഇറക്കി 50 മീറ്റർ ദൂരം വരെ വഹിച്ച് കൊണ്ടു പോകുന്നതിന് | ₹ 1010 | 5 ടൺ |
| | (സി) വാഹനത്തിൽ നിന്നും/ വഞ്ചിയിൽ നിന്നും/തോണിയിൽ നിന്നും നേരിട്ട് ഇറക്കുന്നതിന് | ₹ 1010 | 10 ടൺ |

5. ക്ഷാമബത്ത

മേൽ പ്രതിപാദിച്ച അടിസ്ഥാന വേതനത്തിന് പുറമെ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ (1998-99=100) 300 പോയിന്റിന് മുകളിൽ വരുന്ന ഓരോ

പോയിന്റിനും ദിവസവേതനക്കാർക്ക് 1.00 രൂപ (ഒരു രൂപ) നിരക്കിലും മാസശമ്പളക്കാർക്ക് 26/- രൂപ (ഇരുപത്തിയാറ് രൂപ) നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്.

പീസ്റേറ്റുകാർക്ക് പട്ടികയിൽ നിശ്ചയിച്ച ജോലി ഭാരം പൂർത്തിയാക്കുന്നവർക്കാണ് പൂർണ്ണ ക്ഷാമബത്തയ്ക്ക് അർഹത, നിർദ്ദിഷ്ട അദ്ധ്വാന ഭാരം പൂർത്തിയാക്കാത്ത തൊഴിലാളികൾക്ക് പൂർത്തീകരിച്ച ജോലിയുടെ ആനുപാതികമായ ക്ഷാമബത്തയ്ക്ക് മാത്രം അർഹതയുണ്ടാകുന്നതാണ്. ആഴ്ചയിൽ 6 ദിവസത്തെ മൊത്തം ജോലിക്കനുസൃതമായി പരമാവധി 6 ഡി.എ. എന്ന തോതിൽ ക്ഷാമബത്ത നൽകേണ്ടതാണ്. ഒരു ദിവസത്തെ നിശ്ചിത ജോലി ഭാരം പൂർത്തിയാക്കുന്നതിനാവശ്യമായ ജോലി ലഭ്യമാക്കുന്നതിന് തൊഴിലുടമയ്ക്ക് കഴിയാത്തപക്ഷം അദ്ധ്വാനഭാരം കണക്കിലെടുക്കാതെ പ്രസ്തുത ദിവസത്തെ പൂർണ്ണ ക്ഷാമബത്ത നൽകേണ്ടതാണ്.

6. മാസവേതനം

ഈ പട്ടികയിൽ ദിവസ വേതനം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും തൊഴിലാളിക്ക് മാസവേതനം കണക്കാക്കേണ്ടി വരികയാണെങ്കിൽ അടിസ്ഥാന വേതനവും ക്ഷാമബത്തയും ചേർന്ന തുകയെ 26 കൊണ്ടു ഗുണിച്ച് മാസവേതനം കണക്കാക്കേണ്ടതാണ്.

7. ഹിൽ ട്രാക്ടിസിനു അധിക വേതനം

സർക്കാർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള കേരള സർവ്വീസ് ചട്ടങ്ങളിൽ ഹിൽ ട്രാക്ടസ് എന്നു വിവരിച്ചിട്ടുള്ള പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മൊത്തം ദിവസവേതനത്തിന്റെ 15 ശതമാനം വരുന്ന തുക അധികമായി പ്രത്യേക ഹിൽ ട്രാക്ട് അലവൻസായി നൽകേണ്ടതാണ്.

8. ഉയർന്ന വേതനത്തിന് സംരക്ഷണം

ഈ മേഖലയിൽ എവിടെയെങ്കിലും തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ അടിസ്ഥാന കൂലിയിലും ക്ഷാമബത്തയിലും നിന്നും ഉയർന്ന അടിസ്ഥാന കൂലിയും ക്ഷാമബത്തയും ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരം ഉയർന്ന അടിസ്ഥാന കൂലിയും ക്ഷാമബത്തയും തുടർന്നും നൽകേണ്ടതാണ്.

ഈ മേഖലയിലെ ഏതെങ്കിലും ജോലികൾ പട്ടികയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ അത്തരം ജോലികൾക്ക് സമാന തൊഴിലുകൾക്ക് നിശ്ചയിച്ചിട്ടുള്ള വേതനത്തിന്റെ അതേ നിരക്ക് ബാധകമായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ഡോ. ആഷ തോമസ്
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.